(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തുടർച്ചയായി പെയ്യുന്ന കടുത്ത മഴമൂലം ചുരം റോഡിന് സംഭവിച്ച കോടുപാടുകൾമൂലവും, പല ഭാഗത്തുമുള്ള സ്ഥലപരിമിതിയും, കർണ്ണാടകം അവരുടെ റോഡിൽ രാത്രികാല ഗതാഗതം നിരോധിച്ചതുമൂലം വലിയ ട്രക്കുകൾ പകൽ ട്രാഫിക്കിന്റെകൂടെ വരുന്നതുമാണ് ചുരത്തിൽ ഗതാഗത സ്തംഭനം ഉണ്ടാവാനുള്ള കാരണം.

(സി) ചുരം റോഡിൽ ഉള്ള കുഴികൾ താല്കാലികമായി അടയ്ക്കുകയും ടാർ ഉപയോഗിച്ച് അടിയന്തര പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ 25/000 മുതൽ 55/000 വരെയുള്ള ഐ.സ്.ആർ.ഒ. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തിയാകുന്നതോടെ ചുരത്തിലെ ഗതാഗത തടസ്സത്തിന് ഒരു പരിധിവരെ പരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ബി.ഒ.ടി. അടിസ്ഥാനത്തിൽ ദേശീയപാത 212 വീതി കൂട്ടുന്ന പ്രവൃത്തി കേന്ദ്ര ഉപരിതല മന്ത്രാലയം ആവിഷ്കരിക്കുന്നുണ്ട്. ആയതുകൂടി നടപ്പിലാക്കുന്നതോടെ പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെടുമെന്ന് കരുതുന്നു.

റോഡുകൾ വെട്ടിപ്പൊളിക്കുന്നതിനുള്ള അനുമതി

145 (2245) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെലിഫോൺ കേബിളുകൾ, കുടിവെള്ളപൈപ്പ് ലൈനുകൾ എന്നിവ, സ്ഥാപിക്കുന്നതിന് ടാർ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിന് പൊതു മരാമത്ത് വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ അനുമതി നൽകേണ്ടത് ഏത് തലത്തിലുള്ള ഉദ്യോഗസ്ഥനാണെന്ന് വ്യക്തമാക്കുമോ ;

(സി) റോഡുകൾ വെട്ടിപ്പൊളിക്കുന്നത് പൂർവ്വസ്ഥിതിയിലാക്കുന്നതിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടെലിഫോൺ കേബിളുകൾ, കുടിവെള്ള പൈപ്പുലൈനുകൾ എന്നിവ സ്ഥാപിക്കുന്നതിന് ടാർ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബന്ധപ്പെട്ട എക്സി. എഞ്ചിനിയറാണ് അനുമതി നൽകുന്നത്.

(സി) റോഡുകൾ വെട്ടിപ്പൊളിക്കുന്നത് പൂർവ്വസ്ഥിതിയിലാക്കുകയോ അതിനാവശ്യമായ തുക നല്കുകയോ ചെയ്യുന്നത് റോഡ് വെട്ടിപ്പൊളിക്കുന്നതിന് അനുമതി ലഭിച്ച ഏജൻസി/വകുപ്പ് ആണ്. ഇത് തൃപ്തികരമായി നടപ്പാക്കുന്നത് പൊതുമരാമത്ത് വകുപ്പിന്റെ പൂർണ്ണമായ ഉത്തരവാദിത്വത്തിലാണ്.

മേജർ ഡിസ്ട്രിക്ട് റോഡുകൾ

146 (2246) പ്രൊഫ. എൻ. ജയരാജ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര കിലോമീറ്റർ എം.ഡി.ആർ. കൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട് ;

(ബി) സംസ്ഥാനത്തെ മുഴുവൻ എം.ഡി.ആർ.കളും മരാമത്ത് വകുപ്പ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ & ബി) മേജർ ജില്ലാ റോഡുകൾ (എം.ഡി.ആർ) എല്ലാം തന്നെ പൊതുമരാമത്ത് വകുപ്പ് റോഡുകളാണ്.

വാഹനഗതാഗതം നിരോധിച്ച നടപടി

147 (2247) ശ്രീ. കെ. കെ. ഷാജു:

ശ്രീ. കെ. ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് മ്യൂസിയം -വെള്ളയമ്പലം റോഡിൽ 2010 നവംബർ 14 മുതൽ 19 വരെ രാവിലെ 5 മണി മുതൽ 7 മണിവരെ വാഹന ഗതാഗതം നിരോധിച്ചുകൊണ്ട് നടപ്പാക്കിയ നടപടിക്കുവേണ്ടി നിയമപരമായി നേരത്തെ നോട്ടിഫിക്കേഷൻ ഇറക്കിയിരുന്നോ ;

(ബി) ഇത്തരം പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന് മുമ്പ് എന്തൊക്കെ ചർച്ചകളും പഠനങ്ങളും നടത്തിയെന്ന് വ്യക്തമാക്കുമോ ;

(സി) ഇങ്ങനെ വാഹനഗതാഗതം നിരോധിച്ച് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന തരത്തിൽ നടത്തത്തിനുവേണ്ടി ആരെങ്കിലും നിവേദനം നൽകിയിരുന്നോ ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly